# ഒരു വിധിവൈപരീത്യം

## അഥവാ,

## മുസ്ലിം വനിതകളുടെ ദുരവസ്ഥ.

(ഡാക്ടർ എം. കെ. ഐശക്കുട്ടി എൽ. എം. പി. എറണാകുളം)

കേരളത്തിലെ എന്നല്ല, ഇന്ത്യയിലെ മുസ്ലിംസ്ത്രീകളുടെ ഇന്നത്തെ സ്ഥിതി ത്തുലോം ദയനീയമെന്നേ പറയേണ്ടതുള്ളൂ. തിരശ്ശീലക്കുള്ളിൽ അതിദാരുണമായരീതിയിൽ ജീവിതം നയിച്ചുപോരുന്ന ഒരു അബലാലോകം കേരളത്തിൽ ഉണ്ടെന്നുതന്നെ പുറത്തുള്ളവർ അറിയുന്നില്ല. ജീവശ്ശവങ്ങളായി ജീവിതം പോക്കുന്ന ഈ അധഃകൃത സമുദായത്തിന്റെ ദീനാലാപം പുറമേ കേൾക്കാതിരിക്കത്തക്കവണ്ണം സമുദായത്തിലെ പുരുഷന്മാരുടെ അജ്ഞതയും വിദ്യാഭ്യാസവിഹീനതയും അത്രകണ്ടു അജയ്യമായ ഒരു ഭിത്തിയെയാണ് അവരുടെയും ബഹിർല്ലോകത്തിന്റെയും മദ്ധ്യത്തിൽ സൃഷ്ടിച്ചുവച്ചിരിക്കുന്നതു്. പക്ഷേ എത്ര ഉറപ്പേറിയ ശിലാഭിത്തിയും കാലാന്തരത്തിൽ ദ്രവിച്ചുപോകുമെന്നു പറയേണ്ടതില്ലല്ലോ.

മുസ്ലിംസമുദായത്തിലെ പുരുഷന്മാരുടെ വിദ്യാഭ്യാസവിഹീനതയാണു് അതിലെ സ്ത്രീകളുടെ ദയനീയാവസ്ഥയ്ക്കു പ്രധാന കാരണം. കാലോചിതമായ ആധുനികവിദ്യാഭ്യാസം ചെയ്യുന്നതു പുരുഷന്മാർക്കുതന്നെ നിഷിദ്ധമാണെന്നുള്ള പൌരോഹിതമതം തികച്ചും നിഷ്കാസനം ചെയ്യപ്പെട്ടിട്ടില്ലാത്ത ഇക്കാലത്തു അവരുടെ സ്ത്രീകളെ എഴുത്തും വായനയും പഠിപ്പിക്കേണമെന്നു പറയുന്നതു ഒരുപക്ഷേ ദൈവദൂഷണമായിത്തന്നെ ഗണിക്കപ്പെട്ടേക്കാം. എന്നാൽ ഇങ്ങിനെ വാദിക്കുന്നവരും ആ വാദത്തെ ആദരിക്കുന്നവരും വിദ്യാഭ്യാസമെങ്കിലും ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ എത്ര ഭാഗ്യമായിരുന്നു. എന്തുകൊണ്ടെന്നാൽ പരിശുദ്ധഖുർആനിലോ നബിതിരുവചനങ്ങളിലോ, ഭൂജാതരായ സർവ്വർക്കും ഒരുപോലെ അനുഭവിക്കുന്നതിനു ദൈവം നൽകിയിരിക്കുന്ന വെളിച്ചവും ശുദ്ധവായുവും കൈകാൽ നീട്ടി നടക്കുന്നതിനുള്ള അവകാശവും മുസ്ലിംസ്ത്രീകൾക്കു പാടില്ലെന്നു ഒരേടത്തും പറഞ്ഞതായി കേട്ടിട്ടില്ലാ; ആ സ്ഥിതിക്കു ഈ സ്വാതന്ത്ര്യങ്ങളെങ്കിലും അവർ ഈ സാധുജനതയ്ക്കു നിഷേധിക്കുകയില്ലായിരുന്നു. ഇതുനിമിത്തം എത്ര മുസ്ലിംസ്ത്രീകളാണു് ക്ഷയരോഗത്തിന്നിരയാകുന്നതെന്നു ആരെങ്കിലും ചിന്തിച്ചു നോക്കിയിട്ടുണ്ടോ? എത്ര പിഞ്ചു പൈതലുകളാണു് ഈ അനാസ്ഥക്കുവേണ്ടി ഹോമിക്കപ്പെടുന്നതെന്നു ആരെങ്കിലും ഓർമ്മിക്കുന്നുണ്ടോ?

യഥാർത്ഥമായ മതവിദ്യാഭ്യാസം പുരുഷനുണ്ടായാൽ അവരുടെ "അർദ്ധഭാഗ"മായ സ്ത്രീയെ വിദ്യാഭ്യാസം ചെയ്യിക്കാതിരിക്കില്ല, നിശ്ചയം. എന്തുകൊണ്ടെന്നാൽ, വിദ്യ അഭ്യസിക്കൽ സ്ത്രീക്കും പുരുഷനും ഒരുപോലെ അത്യന്താപേക്ഷിതമാണെന്നും എത്രതന്നെ അദ്ധ്വാനിച്ചിട്ടെങ്കിലും വിദ്യ കരസ്ഥമാക്കേണമെന്നും കർശനമായി ശാസിക്കുന്ന ഒരു മതമാണു ഇസ്ലാംമതം. ആ മതത്തെ അവലംബിക്കുന്നവരാരുംതന്നെ സ്ത്രീകളെ വിദ്യഅഭ്യസിപ്പിക്കുന്നതിനെ വിരോധിക്കാൻ ധൈര്യപ്പെടുകയില്ല. അതിനാൽ കേരളമുസ്ലിംകൾക്കു് കാലോചിതമായ വിദ്യാഭ്യാസം മാത്രമല്ല, യഥാർത്ഥമായ ഇസ്'ലാംമതവിദ്യാഭ്യാസവും ഇല്ലെന്നു പറയേണ്ടിവരുന്നു



മതശാസനകൾക്കധീനരായില്ലെങ്കിൽ ലോകശാസനയ്ക്കെങ്കിലും വിധേയരാകാതെ തരമില്ലാതാകും. പ്രകൃതിനിയമങ്ങളെ—സാക്ഷാൽ ശരീഅത്തു വിധികളെ—അതിലംഘിക്കുന്നവർ അതിനുള്ള ശിക്ഷ അനുഭവിക്കാതിരിക്കയില്ല. ആ നിയമങ്ങളെ മതശാസനാരൂപത്തിലല്ലെങ്കിലും പാലിക്കുന്നവർക്കു അഭിവൃദ്ധിയുണ്ടാകാതെയും തരമില്ല. ഇന്നു യഥാർത്ഥത്തിലുള്ള പരിഷ്കാരം സിദ്ധിച്ചിട്ടുള്ള സമുദായങ്ങളെല്ലാം ഈ പ്രകൃതിനിയമങ്ങളെ മാനിച്ചവരാണു്. അവർ ഈ നിയമങ്ങൾ അനുഭവംകൊണ്ടു ഗ്രഹിക്കുകയാണു ചെയ്തതു്. മുസ്'ലിംകൾക്കു അവ മതശാസനസിദ്ധിച്ച വിശ്വാസഘടകങ്ങളായിട്ടും അതിനെ സ്വീകരിക്കുന്നില്ല. ഇതാണു മുസ്'ലിംകളുടെ ഇന്നത്തെ ശോച്യാവസ്ഥക്കു പ്രഥമവും പ്രധാനവുമായ കാരണം.

ഇന്നു മുസ്'ലിംകളിലാരെങ്കിലും അവരുടെ പെൺകുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നുണ്ടെങ്കിൽ അതു അവരുടെ മതബോധംകൊണ്ടാണെന്നു എനിക്കു ധൈര്യമായിപറയാൻ കഴിയുന്നില്ല. പുത്രിമാരെ വിദ്യാഭ്യാസം ചെയ്യിച്ചാൽ തങ്ങളുടെ യശസ്സിന്നും പൊതുജനങ്ങളുടെയിടയിലുള്ള സ്ഥാനത്തിന്നും മാററുകൂട്ടുമെന്നു മുസ്ലിംപിതാക്കന്മാർ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഈ ബോധത്തിന്റെ ഫലമാണു ഇന്നു നാം അപൂർവ്വം ചില മുസ്'ലിംബാലികമാരെ പള്ളിക്കൂടങ്ങളിൽ അങ്ങിങ്ങായി കണ്ടുതുടങ്ങിയിരിക്കുന്നതു്. ഇങ്ങനെയാണു ഇസ്'ലാംമതശാസനകളെ ലോകപരിചയം നമ്മെ നിർബന്ധിച്ചു അനുഷ്ഠിപ്പിക്കുന്നതു്. ഇതല്ലേ വിധിവൈപരീത്യം?